LIBRARY ARCHIVES Kerala Legislative Assembly

പുതിയ മദ്യനയം

101 (105) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പിലാക്കിയതിന്റെ ഭാഗമായി ബാറുകളും ബിവറേജ് ഔട്ട്ലെറ്റുകളും നിർത്തലാക്കിയതിന്റെ ഭാഗമായി മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

പുതിയ മദ്യ നയത്തിനുശേഷം വിദേശ മദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പനയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മൊത്തം വിൽപ്പനയുടെ തുക വർദ്ധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ 2014-15-ലെ വിൽപ്പന, വിദേശമദ്യ വിൽപ്പനയുടെ അളവ്, ബിയർ വിൽപ്പനയുടെ അളവ് എന്നിവ 2013-14-മായി താരതമ്യം ചെയ്യുന്നതും 2015-16-ലെ മാസ വിൽപ്പന (ഏപ്രിൽ മുതൽ മേയ് വരെ) 2014-15-മായി താരതമ്യം ചെയ്യുന്നതുമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബിയർ വൈൻ പാർലറുകളുടെ വിശദാംശം

102(106) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വിവിധയിനം മദ്യം, ബിയർ എന്നിവ വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ ; ഓരോ വർഷവും നികുതിയിനത്തിൽ ലഭിച്ച തുക എത്ര ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട ബിയർ, വൈൻ പാർലറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ വിവിധയിനം വിദേശ മദ്യം, വൈൻ, ബിയർ എന്നിവ വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.* ഇതിൽ 2013-14 വർഷത്തിൽ 7575.77 കോടി രൂപയും 2014-15 വർഷത്തിൽ 8283.79 കോടി രൂപയും നികുതിയിനത്തിൽ ലഭിച്ചു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 739 ബിയർ, വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 664 എണ്ണം പുതിയ അബ്കാരി നയത്തിന്റെ ഭാഗമായി ബാർ ഹോട്ടലിന്റെ തുടർച്ചയായി അനുവദിച്ചതും 73 എണ്ണം പുതിയതായി അനുവദിച്ചിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.